# ‘മാതൃകാജീവിതം’

## 1 തിമൊഥെയോസ് 4:12

“ആരും നിന്റെ യൗവനം തുച്ഛീകരിക്കരുതു; വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്ക.”

പൗലോസ്, യുവാവും സഭാ നേതാവുമായ തിമൊഥെയോസിനു നൽകുന്ന ഉപദേശമാണിത്. പ്രയോജനകരമായ ശുശ്രൂഷ ചെയ്യണമെങ്കിൽ മാതൃകാപരമായ ഒരു ജീവിതം ഉണ്ടായിരിക്കണം എന്ന് ഈ വാക്യത്തിൽ നിന്നും നമുക്ക് മനസ്സിലാകുന്നു. ജീവിതം, അതിൽ തന്നെ സുവിശേഷ ഘോഷണമായിരിക്കണമെന്ന് പൗലോസ് ആഗ്രഹിക്കുന്നു. നാം ഓരോരുത്തരുടെയും ജീവിതവും ഇതുപോലെ മതൃകാപരമായി തീരുവാൻ ദൈവവും ആഗ്രഹിക്കുന്നു. ദൈവമക്കളെങ്കിൽ പിതാവായ ദൈവത്തിന്റെ സ്വഭാവ ഗുണങ്ങൾ നമ്മിലും പ്രതിഫലിക്കണം, അവന്റെ ഭാവം തന്നെ നമ്മിലും വിളങ്ങണം. അവന്റെ വിശുദ്ധി നമ്മിലും ഉണ്ടാവണം. ചുറ്റുമുള്ളവർക്ക് വേഗത്തിൽ മനസ്സിലാക്കാൻ പറ്റുന്ന ഒരു സ്വഭാവ ഗുണം നമ്മിൽ ഉണ്ടെങ്കിൽ സഹവാസികൾക്ക് നാം പ്രസംഗിക്കാതെ തന്നെ ദൈവത്തെ മനസ്സിലാക്കുവാൻ സാധിക്കും. പ്രസംഗിക്കുവാൻ ആർക്കും സാധിക്കും. പറയുന്നതെല്ലാം പ്രാവർത്തികമാക്കുക എന്നതാണ് ദുഷ്കരമായ കാര്യം. പ്രവൃത്തിയും പ്രസംഗവും ഒന്നാവുമ്പോൾ കേൾക്കുന്നവർ അംഗീകരിക്കും. മാതൃകാജീവിതം ഒരു വലിയ ശക്തിയാണ്. അത് മറ്റുള്ളവരിൽ ആത്മീയ പ്രകാശം പരത്തും. ഒരു ദൈവപൈതലിന്റെ പ്രവൃത്തികൾ മറ്റുള്ളവർക്ക് ഇടർച്ചവരുത്തുന്നതാകരുത്. നിന്റെ ജീവിതം കണ്ടിട്ട് നിന്റെ ദൈവത്തെ എനിക്കും വേണമെന്ന് മറ്റൊരുവൻ പറയാൻ ഇടയായാൽ അതാണ് ഏറ്റവും വലിയ സുവിശേഷഘോഷണം. അങ്ങനെയുള്ള ജീവിതം നമുക്കും നയിക്കാൻ കൃപ തരേണമേ എന്ന് ദൈവത്തോട് പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

1 തിമൊഥെയോസ് 4:16

“നിന്നെത്തന്നേയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക; ഇതിൽ ഉറെച്ചുനിൽക്ക; അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും.”

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 022